വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, അദ്ദേഹം ഇപ്പോഴും ഇവിടെ ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങളെപ്പറ്റി പറഞ്ഞു. ഈ 300 കിടക്കകളുള്ള ആശുപത്രി അതുകൊണ്ട് തീരുന്നില്ല. എക്വിപ്മെന്റ്സിനു തന്നെയാണ് ഏതാണ്ട് 60, 70 കോടി രൂപ. ഇപ്പോൾ പരിയാരം മെഡിക്കൽ കോളേജിന്റെ ഇൻവെസ്റ്റ്മെന്റ് 100 കോടി രൂപ കഴിഞ്ഞു. ഐ. എച്ച്.ആർ.ഡി. ഒറ്റ പൈസ അതിന് കൊടുക്കുകയില്ല, പൈസ ഇല്ല. ഡവലപ്മെന്റ് അതോറിറ്റി സ്ഥലം തരണമെങ്കിൽ റവന്യൂവിൽ നിന്ന് തരണം. അതിന്റെ രേഖ കിട്ടണം. മറ്റൊന്ന് 300 ബഡ് ഹോസ്പിറ്റൽ ഇല്ല. അതിനുള്ള എക്വിപ്മെന്റ്സ് ഉണ്ടാക്കും എന്നുള്ള ഗ്യാരന്റി ഇല്ല. അതെല്ലാം ഉണ്ടാക്കിയാൽ മാത്രമേ തൊടുപുഴയിൽ നിന്ന് അപേക്ഷ പോലും പോകുകയുള്ളൂ. അല്ലാതെ ഇടുക്കി ആശുപത്രി എന്നൊരു തീരുമാനം ഇല്ല. ഇടുക്കി ഫീഡിംഗ് ഏരിയയ്ക്ക് പുറമേയാണ് ഞാൻ മൂവാറ്റുപുഴ പറഞ്ഞത്. ബാക്കിയുള്ള ഏരിയയും കൂടി ചേർത്ത് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നടത്തണം, അവിടെനിന്നും പൈസ മിച്ചംവരുത്തി തിരിച്ചുകൊടുക്കണം. ആരോടെങ്കിലും വായ്പ മേടിച്ചാൽ തിരിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണം. ഈ ആശുപത്രി നടത്തി അത്തരത്തിലുള്ള ഒരു സംവിധാനത്തിൽ മാത്രമേ ഈ അപേക്ഷ തന്നെ കൊടുക്കുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു പക്ഷപാതപരമായ നിലപാടും ഇല്ല. ഇത്തരം കണ്ടീഷൻ ഉണ്ടാക്കിയാൽ, കേരളത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട ശ്രീ. ശർമ്മ തന്നെ ഒരു മെഡിക്കൽ കോളേജ് തുടങ്ങാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

അതിനുള്ള ഫിനാൻസ് ഉണ്ടാക്കാനുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. ഒരു 100 കോടി രൂപയെങ്കിലും വേണം. 100 കോടി രൂപ ഉണ്ടാക്കാനും, അത് വായ്പയാണ് തിരിച്ചുകൊടുക്കാനുള്ള പൂർണ്ണമായ സ്കീമും എല്ലാംകൂടി ഇടുക്കിയിൽനിന്നും കൊണ്ടുവന്നാൽ അപ്പോൾ ഇത് പരിണിക്കാവുന്നതാണ്. യാതൊരു വിധമായ പക്ഷപാതപരമായ നിലപാടും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല.

V സബ്മിഷൻ

(1) കല്ലൂർക്കാട് പ്രവർത്തിച്ചുവരുന്ന പോലീസ് സർക്കിൾ ഓഫീസ്

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് പഞ്ചായത്ത് ആസ്ഥാനമാക്കി വർഷങ്ങൾക്ക് മുമ്പ് അനുവദിച്ച ഒരു പോലീസ് സർക്കിൾ ഓഫീസ്, വർഷങ്ങളായി അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് സർക്കിൾ ഓഫീസ് കല്ലൂർക്കാട്ട് നിന്ന് മാറ്റി മറ്റൊരു സ്ഥലത്തേയ്ക്ക് സ്ഥാപിക്കാനുള്ള നീക്കം നടന്നുവരുന്നതായി അറിയാനിടയായി. ഈ നീക്കം നടക്കുന്നു എന്ന് അറിഞ്ഞുകൊണ്ട് കല്ലൂർക്കാട് പഞ്ചായത്തിലെ സർവ്വകക്ഷികളും ഒന്നായി ചേർന്ന് പ്രതിഷേധ ശബ്ദം ഉയർത്തുകയും കല്ലൂർക്കാട് പഞ്ചായത്തിൽ ഹർത്താൽ ആചരിക്കുകയും, കഴിഞ്ഞ 27-ാം തീയതി ഞായറാഴ്ച മുതൽ ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ പഞ്ചായത്തു മെമ്പർമാരും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും, അനി

LIBRARY ARCHIVES Kerala Legislative Assembly

ശ്ചിതകാല നിരാഹാര സമരം ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് കല്ലൂർക്കാട് ഇപ്പോൾ വളരെ സംഘർഷം നിറഞ്ഞ ഒരന്തരീക്ഷമാണ് നിലനിൽക്കുന്നത്. വളരെയേറെ ആശങ്ക നിലനിൽക്കുകയാണ്. ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ അംഗങ്ങളും ആരംഭിച്ചിരിക്കുന്ന സമരത്തിൽ കക്ഷിഭേദമന്യേ എല്ലാവരും അതിന്റെ പിന്നിലുണ്ട്. എല്ലാ പാർട്ടിയിലും മെമ്പർമാർ സമര രംഗത്തുണ്ട്. കല്ലൂർക്കാട് ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഈ പോലീസ് സർക്കിൾ ഓഫീസ് ഭംഗിയായി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും ഒക്കെ പഞ്ചായത്ത് ഭരണസമിതി തന്നെ ഒരുക്കിക്കൊടുത്തിട്ടുണ്ട്. വളരെ നന്നായി പ്രവർത്തിച്ചുവരികയാണ്. ഈ അടുത്ത കാലത്ത് വന്ന ഒരു ഉദ്യോഗസ്ഥന്റെ നിർബന്ധ ബുദ്ധിയാണ് ഈ ഓഫീസ് മാറ്റിക്കൊണ്ടുപോകുന്ന കാര്യത്തിൽ നടക്കുന്ന നീക്കങ്ങൾക്ക് പിന്നിൽ എന്നാണ് അവിടെയുള്ള ആളുകളുടെ വിശ്വാസം. നല്ലരീതിയിൽ പ്രവർത്തിക്കുന്ന ആ സർക്കിൾ ഓഫീസ് മറ്റൊരു സ്ഥലത്തേക്ക് മാറ്റാതെ അവിടെത്തന്നെ നിലനിർത്തി തരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കല്ലൂർക്കാട് പോലീസ് സർക്കിൾ ഓഫീസ് ഇപ്പോൾ പഞ്ചായത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്താണ് പ്രവർത്തിച്ചുവരുന്നത്. കല്ലൂർക്കാട് പഞ്ചായത്ത് വക സ്ഥലത്ത് നിലവിലുള്ള പോലീസ് സ്റ്റേഷൻ വളപ്പിൽ സർക്കിൾ ഓഫീസ് കെട്ടിടം പണിയാനുള്ള തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടുണ്ട്. സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് കല്ലൂർക്കാടുനിന്നും വാഴക്കുളത്തേക്ക് മാറ്റാനുള്ള യാതൊരു നിർദ്ദേശവും സർക്കാർ പരിഗണനയിലില്ല. ഇതു സംബന്ധിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്.

(2) സംസ്ഥാന വ്യാപകമായി യുവജനങ്ങൾ കേന്ദ്ര സർക്കാർ ഓഫീസുകൾ ഉപരോധിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം.വി. ജയരാജൻ : സർ, തൊഴിലില്ലായ്മയ്ക്കെതിരെയും ജനദ്രോഹ സാമ്പത്തിക നയത്തിനെതിരെയും ഡി.വൈ.എഫ്.ഐ. ഇന്ന് സംസ്ഥാന വ്യാപകമായി 150 ഓളം കേന്ദ്ര സർക്കാർ ഓഫീസുകൾക്കു മുമ്പിൽ സമരം സംഘടിപ്പിക്കുകയാണ്. തൊഴിലില്ലായ്മ വർദ്ധിച്ചു വരികയാണ്. തൊഴിൽ ഉള്ളവർകൂടി തൊഴിൽ കമ്പോളത്തിൽ എടുത്തെറിയപ്പെടുകയും തൊഴിൽ രഹിതരാക്കപ്പെടുകയും ചെയ്യുന്നു. പൊതുമേഖല വിറ്റ് തുലയ്ക്കുകയാണ്. ബാങ്കുകളും ഇൻഷ്വറൻസ് സ്ഥാപനങ്ങളും ഇന്ത്യാക്കാരന്റേതല്ലാതായി മാറുകയാണ്. ലോകചരിത്രത്തിൽ ആദ്യമായി ഓഹരി വിൽപ്പനയ്ക്ക് ഒരു മന്ത്രിയും ഒരു വകുപ്പും കേന്ദ്രത്തിൽ ആരംഭിച്ചിരിക്കുന്നു. ഈ ജനവിരുദ്ധവും ദേശദ്രോഹപരവുമായ സാമ്പത്തികനയം ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് തൊഴിൽരഹിതരായ യുവജനങ്ങളെയാണ്. പൊതുമേഖലയിൽ ബാങ്കുകളിൽ നിന്ന് 25,000 ജീവനക്കാരെയാണ് പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുള്ളത്. ഇൻഷ്വറൻസ് മേഖലയിലാകട്ടെ ഏജന്റൻമാരടക്കം വരുന്ന ഒരു ലക്ഷത്തോളംപേരുടെ തൊഴിൽ സുരക്ഷിതമല്ല. ലോട്ടറി നിരോധനത്തിലൂടെ കേരളത്തിൽ മാത്രം രണ്ടര ലക്ഷത്തോളം പേർ വഴിയാധാരമാകും. ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിലൂടെ റബ്ബറും കയറും വിലയില്ലാത്ത സാധനങ്ങളായി മാറുകയാണ്. തൊഴിൽരഹിതർ കയറുമെടുത്ത് ആത്മഹത്യയിലേക്ക് നയിക്കപ്പെടുമോ എന്നാണ് ആളു

LIBRARY ARCHIVES Kerala Legislative Assembly